LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് മെഡിക്കൽ കോളേജിലെ നിയമനം

133 (850) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കോഴിക്കോട് മെഡിക്കൽ കോളേജിലെ എച്ച്.ഡി.സി. എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതൊക്കെ തസ്തികകളിലാണ് നിയമിച്ചതെന്നും നിയമനത്തിനുവേണ്ടി പാലിച്ച മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഏതൊക്കെ വകുപ്പുകളിലായി ഡോക്ടർമാർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത് നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ സ്ഥാപനത്തിൽ ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, വിവിധതരം മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.എം.സി.എച്ച്., ഐ.സി.ഡി. എന്നിവിടങ്ങളിലെ എച്ച്.ഡി.എസ്. നിയമനങ്ങളുടെ വിവരം താഴെ ചേർത്തിരിക്കുന്നു :

സെക്യൂരിറ്റി സ്റ്റാഫ്	–	6
ഓഫീസ് സ്റ്റാഫ്	–	1
ബിൽ കളക്ടേഴ്സ്	–	5
ഫാർമസി സ്റ്റാഫ്	–	10
ലാബ് സ്റ്റാഫ്	–	9
ക്ലീനർ	–	7
റേഡിയോഗ്രാഫർ	–	1
അനേഷണ കൗണ്ടർ സ്റ്റാഫ്	–	3
സ്റ്റാഫ്നേഴ്സ്	–	2
ഇലക്ട്രീഷ്യൻ	–	1
വെൽഡർ	–	1
ഫിറ്റർ	–	1

നഴ്സിംഗ് സൂപ്രണ്ട്	-	1
ഹെഡ്നേഴ്സ്	-	2
സ്റ്റാഫ് നേഴ്സ്	-	18
ആംബുലൻസ് ഡ്രൈവർ	-	2

ഇതുകൂടാതെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്.ഡി.എസ്. താഴെ പറയുന്ന തസ്തികകളിൽ 26 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സ്റ്റാഫ് നേഴ്സ് ഫിസിയോതെറാപ്പിസ്റ്റ്, ഫാർമസിസ്റ്റ്, റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ, കംപ്യൂട്ടർ ഓപ്പറേറ്റർ, ബിൽകളക്ടർ, സൂപ്പർവൈസർ, ടൈപ്പിസ്റ്റ്, അറ്റൻഡർമാർ തുടങ്ങിയ ഈ തസ്തികകളിലെ നിയമനങ്ങളെല്ലാം തന്നെ പത്രപരസ്യം, നോട്ടിസ്ബോർഡ് തുടങ്ങിയവയിലൂടെ അറിയിപ്പ് നൽകി ഇന്റർവ്യൂ പാനലാണ് നിയമനം നടത്തിയത്.

(സി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡോക്ടർമാർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ 40 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകളിൽ കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നടത്താറുണ്ട്.

(ഡി) ആന്റീബയോട്ടിക്കുകൾ ഒഴികെ മറ്റെല്ലാ മരുന്നുകളും ലഭ്യമാണ്. മരുന്നുകൾക്ക് ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ലോക്കൽ പർച്ചേഴ്സ് വഴിയും സി.പി.സി. കമ്പനികളിൽ നിന്നും വാങ്ങുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സകൾക്കായി എത്തുന്ന മന്ത്രിമാർക്ക് ചികിത്സ നിഷേധിച്ച സംഭവം

134 (851) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിവിധ ചികിത്സകൾക്കായി എത്തുന്ന സംസ്ഥാന മന്ത്രിമാർക്ക് ചികിത്സ നിഷേധിക്കപ്പെടുകയും ഒടുവിൽ സ്വകാര്യാശുപത്രികളിൽ അഭയം തേടുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏറ്റവുമൊടുവിലായി ചെറിയ ഒരു ശസ്ത്രക്രിയയ്ക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിയ വൈദ്യുതി മന്ത്രിയുടെ ചികിത്സയെ ചൊല്ലി ഡോക്ടർമാർ തമ്മിൽ വാക്കേറ്റമുണ്ടാവുകയും മന്ത്രിയെ ആശുപത്രിയിലെ ട്രോളിയിൽ കിടത്തി പലവട്ടം അങ്ങോട്ടുമിങ്ങോട്ടും കറക്കിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒടുവിൽ മന്ത്രി മെഡിക്കൽ കോളേജിൽ നിന്ന് ചികിത്സ വേണ്ടെന്ന് തീരുമാനിച്ച് സ്വകാര്യാശുപത്രിയിൽ അഭയം തേടുകയുണ്ടായോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഒരു അപകടത്തിൽപ്പെട്ട് മെഡിക്കൽ കോളേജിൽ ചികിത്സക്ക് എത്തിയ സംസ്ഥാന ആരോഗ്യമന്ത്രിക്കും മുമ്പ് ഇത്തരത്തിൽ ഒരു അനുഭവം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly